പി.എച്ച്.സി., മാടവന	–	1
പി.എച്ച്.സി., വെള്ളാനിക്കര	–	1
പി.എച്ച്.സി., മണലൂർ	–	1
ഗവ. ആശുപത്രി, മാള	–	1
താലൂക്കാശുപത്രി, ചാലക്കുടി	–	1
താലൂക്കാശുപത്രി, ചാവക്കാട്	–	1
		18

(ജി) അധിക തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ ടി ആശുപത്രികളിൽ കിടത്തി ചികിത്സ സാധ്യമാകുകയുള്ളൂ. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിലനിൽക്കുന്ന നിരോധനം മാറുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്റ്റാഫ് നഴ്സുമാരുടെ നിയമനം

147 (881) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തം എത്ര സ്റ്റാഫ് നഴ്സുമാരാണ് ആരോഗ്യ വകുപ്പിന് അനുവദനീയമായിട്ടുള്ളത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഓരോ ജില്ലയിലും പി.എസ്.സി. നിയമനം ലഭിച്ചവർ, എംപ്ലോയ്മെന്റിലൂടെ നിയമനം ലഭിച്ചവർ, കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ, ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്തവർ എന്നിങ്ങനെ ഓരോ ജില്ലയിലും എത്ര സ്റ്റാഫ് നഴ്സുമാർ ജോലി ചെയ്യുന്നു എന്നതിന്റെ വിവരം ലഭ്യമാക്കുമോ ;

(സി) കൊല്ലം ജില്ലയിൽ ഇപ്പോൾ സ്റ്റാഫ് നഴ്സുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പി.എസ്.സി. ലിസ്റ്റിൽ നിന്നും സ്റ്റാഫ് നഴ്സുമാരെ നിയമിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിലവിലുള്ള ലിസ്റ്റിൽ നിന്നും എന്നുമുതൽ നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6520. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	–	1099
കൊല്ലം	–	355
പത്തനംതിട്ട	–	180

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	-	606
കോട്ടയം	-	632
ഇടുക്കി	-	120
എറണാകുളം	-	637
തൃശൂർ	-	610
പാലക്കാട്	-	356
മലപ്പുറം	-	384
കോഴിക്കോട്	-	857
കണ്ണൂർ	-	397
വയനാട്	-	142
കാസർഗോഡ്	-	145
ആകെ		6520

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 32.

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടർ പി.എസ്.സി.യിൽ അറിയിച്ചിട്ടുള്ള ഒഴിവുള്ള തസ്തികകളുടെ ആകെ എണ്ണം 886 ആണ്. ഇവയിൽ 32 എണ്ണം കൊല്ലം ജില്ലയിലാണ്.

(ഇ) വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ അദ്ധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പിരപ്പൻകോട് മുരളി: സർ, നമ്മുടെ സ്കൂളുകൾ തുറന്നിട്ട് ഏകദേശം 4 ആഴ്ചയാകാൻ പോകുകയാണ്. നമ്മുടെ സർക്കാർ സ്കൂളുകളുടെ സ്ഥിതി വളരെ ദയനീയമാണ്. അദ്ധ്യാപകരില്ലാത്ത അതീവ ഗുരുതരമായ ഒരു അക്കാദമിക് പ്രതിസന്ധിയിലേയ്ക്ക് പൊതുവിദ്യാഭ്യാസമേഖല പോകുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം നമ്മുടെ ജില്ലയിലെ എൽ.പി. സ്കൂളുകളിലും ഹൈസ്കൂളുകളിലുമായി എണ്ണൂറോളം അദ്ധ്യാപകരുടെ കുറവുണ്ട്. 'അരി വെന്തോയെന്ന് നോക്കാൻ ചോറ് മുഴുവനും ഞെക്കി നോക്കേണ്ട' എന്ന് പറയുന്നതുപോലെ തിരുവനന്തപുരം ജില്ലയുടെ അവസ്ഥ നോക്കിയാൽ

9.30 A.M.]

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly